**പതിനാലാം കേരള നിയമസഭ**

**പതിനാലാംസമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2497** **07/02/2019-ൽ മറുപടിയ്ക്ക്**

**കൊല്ലം മണ്ഡലത്തിലെ സ്മാർട്ട് ക്ലാസ് റൂമുകൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം. മുകേഷ്** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| കൊല്ലം നിയോജക മണ്ഡലത്തിലെ ഏതെല്ലാം സർക്കാർ-എയ്ഡഡ് സ്കൂളുകളെയാണ് സഹകരണ വകുപ്പ് മുഖേന സജ്ജീകരിക്കുന്ന സ്മാർട്ട് ക്ലാസ് റൂം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; പദ്ധതി നടപ്പിലാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ? | കൊല്ലം നിയോജക മണ്ഡലത്തിലെ തൃക്കരുവ ഗ്രാമപഞ്ചായത്തിലെ അഷ്ടമുടി ഹയർ സെക്കന്ററി സ്കൂളിലെ ഹൈസ്കൂൾ വിഭാഗത്തിലെ ഒരു ക്ലാസ് റൂം സ്മാർട്ട് ക്ലാസ് റൂം ആയി നിർമ്മിച്ച് നൽകുന്നതിന് ബഹു.എം.എൽ.എ യുടെ ശുപാർശ പ്രകാരം തെരഞ്ഞെടുക്കുകയുണ്ടായി. പെരിനാട് ലക്ഷ്മി വിലാസം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. 1841 ന്റെ ധനസഹായത്തോടുകൂടി ടി പദ്ധതി നടപ്പാക്കുന്ന വിവരം കൊല്ലം ജില്ലാ വിദ്യാഭ്യാസ ആഫീസറെ അറിയിച്ചിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പാണ് പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കുന്നത്.<br><br>സഹകരണ വകുപ്പ് മുഖാന്തിരം ഒരു നിയോജക മണ്ഡലത്തിൽ ഒരു യു.പി സ്കൂൾ വീതം 140 നിയോജക മണ്ഡലങ്ങളിലായി 140 സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം പദ്ധതിയുടെ ഭാഗമായി ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ, ജില്ലയിലെ ഓരോ നിയോജക മണ്ഡലത്തിലേയും എം.എൽ.എ മാർ ലഭ്യമാക്കുന്ന ലിസ്റ്റും, നടപ്പാക്കുവാൻ സന്നദ്ധരായ സംഘങ്ങളുടെ ലിസ്റ്റും, തയ്യാറാക്കിയിരുന്നു. എന്നാൽ പൊതു വിദ്യാഭ്യാസ വകുപ്പ് സ്വന്തം നിലയിൽ സംസ്ഥാനത്തെ എൽ.പി/യു.പി. സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ സ്ഥാപിച്ചു നൽകുന്നതിന് പദ്ധതി തയ്യാറാക്കിയ സാഹചര്യത്തിൽ സഹകരണ സംഘങ്ങൾ മുഖാന്തിരം സ്മാർട്ട് ക്ലാസ് മുറികൾ നിർമ്മിച്ചു നൽകുന്ന പദ്ധതി തൽക്കാലം തുടരേണ്ടതില്ല എന്നാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ സഹകരണ സംഘങ്ങൾ പൊതുയോഗ തീരുമാനപ്രകാരം തങ്ങളുടെ പ്രദേശത്തെ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ നിർമ്മിച്ചു നൽകുന്നുണ്ട്. ഈ രീതി തുടരാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**